(ബി) ഓരോ മന്ത്രിയും ഡൽഹിയാത്ര നടത്തിയതിന്റെ ചെലവു എത്രവീതം ;

(സി) ഈ കാലയളവിൽ മുഖ്യമന്ത്രിക്ക് വിമാനയാത്രക്കൂലിയിനത്തിൽ മാത്രം എന്തു തുക ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) യും (ബി) യും ചോദ്യങ്ങൾക്കുള്ള ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു†

(സി) 4,835 രൂപ ചെലവായിട്ടുണ്ട്.

മന്ത്രിമാരുടെ വിദേശപര്യടനം മൂലമുണ്ടായ നേട്ടങ്ങൾ

411. [521] ശ്രീ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

1982 മേയ് 24-ന് ശേഷം 1986 സെപ്റ്റംബർ വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ മന്ത്രിമാർ നടത്തിയ വിദേശ പര്യടനം കൊണ്ട് നമ്മുടെ സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

മന്ത്രിമാർ സ്വന്തം നിലയ്ക്കും സർക്കാരിന്റെ ആവശ്യങ്ങൾക്കായും വിദേശപര്യടനം നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അയയ്ക്കുന്ന പ്രത്യേക സംഘങ്ങളിലും കേരളത്തിലെ മന്ത്രിമാർ അംഗങ്ങളായി പോയിട്ടുണ്ട്. മന്ത്രിമാർ അവരവർ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ പ്രത്യേക ആവശ്യങ്ങൾക്കായിട്ടോ, വിദേശത്തു നിന്ന് തങ്ങളുടെ വകുപ്പുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനുള്ള പ്രത്യേക അറിവ് സമ്പാദിക്കാനോ ആയിട്ടാണ് സാധാരണ പോയിട്ടുള്ളത്. ഉദ്ദേശിച്ച പ്രയോജനം ഈ വിദേശ പര്യടനങ്ങൾകൊണ്ട് ഉണ്ടായിട്ടുണ്ട്.

മന്ത്രിമാരുടെ മെഡിക്കൽ ബെനിഫിറ്റ് ആനുകൂല്യങ്ങൾ

412. [522] ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സംസ്ഥാന മന്ത്രിസഭയിലെ ഓരോ മന്ത്രിക്കും നൽകിയ മെഡിക്കൽ ബെനിഫിറ്റ് ആനുകൂല്യങ്ങൾ എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 31-5-1986 വരെ ഓരോ മന്ത്രിമാർക്കും നൽകിയ മെഡിക്കൽ ബെനിഫിറ്റിന്റെ വിവരങ്ങൾ 23-6-1986-ൽ നക്ഷത്ര ചിഹ്നമിടാത്ത 4-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ നൽകിയിട്ടുണ്ട്. ആയതിനുശേഷമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

† അനുബന്ധം—VI

LIBRARY ARCHIVES Kerala Legislative Assembly